## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.5316 — 31/10/16-ൽ മറുപടിക്ക്

### ഫയർ എൻ.ഒ.സി.

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് ഹൈറൈസ് കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ; | എ) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവ പ്രകാരം സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമുളള ബഹുനില കെട്ടിടങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും അഗ്നിശമന രക്ഷാ വകുപ്പിലേയ്ക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അഗ്നിശമന രക്ഷാവകുപ്പിൽ നിന്നും സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ അനുവദിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. അഗ്നിശമന രക്ഷാ വകുപ്പിൽ നിന്നും രണ്ടു വിധത്തിലാണ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകി വരുന്നത്. കെട്ടിട നിർമ്മാണത്തിന് മുൻപ് ചട്ടങ്ങൾ അനുസരിച്ചു തയ്യാറാക്കിയ പ്ലാനുകൾ പ്രകാരം അഗ്നി സുരക്ഷാ സംവിധാനങ്ങൾ പരിശോധിച്ച് ഫയർ സേഫ്റ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റും നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് അപേക്ഷകൻ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവലിനായി അപേക്ഷ സമർപ്പിക്കുമ്പോൾ കെട്ടിടം, വകുപ്പിലെ ഉദ്യോഗസ്ഥരുടെ കമ്മിറ്റി പരിശോധിച്ച് ആവശ്യമായ നിയമ പ്രകാരമുള്ള എല്ലാ അഗ്നിശമന രക്ഷാ സംവിധാനങ്ങളും സ്ഥാപിച്ചിട്ടുണ്ടോ എന്ന് ബോധ്യപ്പെട്ടശേഷം സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവലും അനുവദിച്ച് വരുന്നു. ഇതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ അഗ്നിശമന രക്ഷാ വകുപ്പിന്റെ Standing Order No.01/16, Addendum to Standing Order No.01/16, How to apply and get "Certificate of Approval" for Buildings from the Department of Fire & Rescue Services എന്ന നിർദ്ദേശത്തിലും വിശദ |

മായി പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പുകൾ അഗ്നിശമന രക്ഷാ സേവന വകുപ്പിന്റെ വെബ് സൈറ്റായ www.fire.kerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബി) കെട്ടിട നിർമ്മാണച്ചട്ടം അനുസരിച്ച് തയ്യാറാക്കുന്ന പ്ലാനുകൾ പരിശോധിക്കാനുള്ള സാങ്കേതിക പരിജ്ഞാനം ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർക്ക് ഉണ്ടോ; ഇല്ലെങ്കിൽ ഇത്തരം പരിശോധനകൾ നടത്തുവാൻ ആവശ്യമായ ടെക്നിക്കൽ ഉദ്യോഗസ്ഥരെ നിയമിക്കുമോ എന്ന് വ്യക്തമാക്കുമോ;

ബി) ഉണ്ട്. അഗ്നിസുരക്ഷാ സംബന്ധമായ കാര്യങ്ങൾ പ്ലാനുകൾ പ്രകാരം പരിശോധിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർക്കുണ്ട്. നാഷണൽ ഫയർ സർവ്വീസ് കോളേജിൽ പരിശീലനത്തിനായി നിയോഗിക്കപ്പെടുന്ന (Diploma, Advanced Diploma) ഓഫീസർമാരുടെ പാഠ്യപദ്ധതിയിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്.

സി) കെട്ടിട നിർമ്മാണച്ചട്ടം സംബന്ധിച്ച അത്യാവശ്യ അറിവ് ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;

സി) സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു.

ഡി) കെട്ടിട നിർമ്മാണച്ചട്ടം പരിഷ്കരിക്കുമ്പോൾ ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ റിപ്പോർട്ട് വാങ്ങുവാൻ നടപടി സ്വീകരിക്കുമോ;

ഡി) നടപടി സ്വീകരിക്കുന്നതാണ്.

ഇ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിലവിൽ ഫയർ എൻ.ഒ.സി. സംബന്ധിച്ച എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഇ)

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 20 |
| കൊല്ലം | 10 |
| കോട്ടയം | 5 |
| ആലപ്പുഴ | 1 |
| പത്തനംതിട്ട | 4 |
| എറണാകുളം | 95 |
| ഇടുക്കി | 3 |
| പാലക്കാട് | 41 |
| മലപ്പുറം | 36 |
| തൃശ്ശൂർ | 82 |
| കോഴിക്കോട് | 29 |
| വയനാട് | 2 |
| കാസർഗോഡ് | 7 |
| കണ്ണൂർ | 6 |
| ആകെ | 341 |

സെക്ഷൻ ഓഫീസർ